# THOOTHOOTY
# MOR GREGORIOS CHURCH



**ആ** ലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത, അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് തിരുമനസ്സിന്റെ ആത്മീയ നേതൃത്വത്തിനും ഉപദേശത്തിനും വിധേയപ്പെട്ട് പ്രവർത്തിക്കുന്ന 'മോർ ഗ്രീഗോറിയോസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് ചാപ്പൽ' തിരുവഞ്ചൂർ കരയിൽ 'തൂത്തൂട്ടി' എന്ന സ്ഥലത്ത് പരി. പരുമല തിരുമേനിയുടെ നാമധേയത്തിൽ സ്ഥാപിതമായിരിക്കുന്നു. അഭിവന്ദ്യ പെരുമ്പള്ളി മോർ ഗ്രീഗോറിയോസ് തിരുമേനിക്ക്, ശ്രീ. കുര്യൻ, വലിയ വീട്ടിൽ, അമയന്നൂർ എന്ന സഭാസ്നേഹി 1976–ൽ ഇഷ്ടദാനമായി നൽകിയ സ്ഥലത്താണ് പ്രസ്തുത ചാപ്പൽ അനേകർക്ക് ആശ്രയശൈലമായി നിലകൊള്ളുന്നത്. വിശുദ്ധ ആരാധനാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുവാൻ വളരെയേറെ ദൂരം താണ്ടേണ്ടിയിരുന്ന അമയന്നൂർ, തിരുവഞ്ചൂർ ദേശവാസികളുടെ നിരന്തരമായ അഭ്യർത്ഥനയെ മാനിച്ചാണ്, അഭി. തിരുമേനി, താൻ നേതൃത്വം വഹിച്ചിരുന്ന പി.എം.ജി. ട്രസ്റ്റിന് കീഴിൽ, ഈ സ്ഥലത്ത്, ചാപ്പൽ പണിതുയർത്തുവാൻ അനുവാദം നൽകിയത്. തങ്ങളുടെ ചിരകാല സ്വപ്ന സാക്ഷാത്കാരത്തിനായി ദേശവാസികളായ വിശ്വാസികൾ ദിവംഗതനായ റവ. ഫാ. മാത്യൂസ് വടക്കേപ്പറമ്പലിന്റെ നേതൃത്വത്തിൽ ഒത്തുകൂടുകയും അവരുടെ അക്ഷീണ പരിശ്രമത്താൽ ഓലമേഞ്ഞ ഒരു ഷെഡ് നിർമ്മിക്കപ്പെടുകയും ചെയ്തു. 1976–നവംബർ 4–ാം തീയതി, അഭിവന്ദ്യ പെരുമ്പള്ളി തിരുമേനി ഈ ഷെഡ്, താൽക്കാലിക ദൈവാലയമായി വി. കൂദാശ ചെയ്യുകയും പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു. അങ്ങനെ, മോർ ഗ്രീഗോറിയസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് ചാപ്പൽ തൂത്തൂട്ടി ഒരു യാഥാർത്ഥ്യമായി!

കാലക്രമേണ സ്ഥിരമായ ഒരു ദൈവാലയമെന്ന ആഗ്രഹം വിശ്വാസികളിൽ അങ്കുരിക്കുകയും അതനുസരിച്ച് പുതുക്കിപ്പണിത ചാപ്പൽ 1987–ൽ അഭി. തിരുമേനി കൂദാശ നിർവ്വഹിച്ച് ആശീർവദിക്കുകയും, പരി. പരുമല തിരുമേനിയുടെ തിരുശേഷിപ്പ് ചാപ്പലിൽ തദവസരത്തിൽ സ്ഥാപിക്കുകയും ചെയ്തു. പിന്നീട് തിരുശേഷിപ്പ് തങ്ങൾക്ക് ദർശിച്ച് വണങ്ങണമെന്ന അദമ്യമായ ഭക്തജന ഹിതപ്രകാരം, 2003 ൽ ചാപ്പലിന്റെ അങ്ക

ണത്തിൽ പടിഞ്ഞാറ് ഭാഗത്തായി ഒരു കുരിശിൻതൊട്ടി സ്ഥാപിച്ച്, തിരുശേഷിപ്പ് അഭി. മർക്കോസ് മോർ കൂറിലോസ് മെത്രാപ്പോലീത്തായാൽ ആയതിലേക്ക് മാറ്റി സ്ഥാപിക്കപ്പെടുകയുണ്ടായി.

ചാപ്പലിന്റെ പ്രഥമ വികാരിയായി സ്ഥാനമേറ്റ് സ്തുത്യർഹ സേവനമനുഷ്ഠിച്ച റവ. ഫാ. ബേബി ജെ. പോത്താറയുടെ കാലത്താണ് ചാപ്പൽ ഇന്നു കാണുന്ന ദൈവാലയമായി പുതുക്കിപണിയപ്പെട്ടത്. ബഹുമാനപ്പെട്ട അച്ചനു പുറമേ റവ. ഫാ. കുര്യാക്കോസ് മംഗലത്ത്, റവ. ഫാ. മാത്യൂസ് വടക്കേപറമ്പിൽ, റവ. ഫാ. കുര്യാക്കോസ് കറുകയിൽ, റവ. ഫാ. തോമസ് വേങ്കടത്ത്, റവ. ഫാ. മാത്യൂസ് മണവത്ത്, റവ. ഫാ. ചെറിയാൻ കോട്ടയിൽ, റവ. ഫാ. സഖറിയ മൈലപ്പള്ളിൽ, റവ. ഫാ. ജോസി അട്ടച്ചിറ, വെരി. റവ. കുര്യാക്കോസ് കോറെപ്പിസ്കോപ്പ ഇട്ട്യാടത്ത്, റവ. ഫാ. തോമസ് വെള്ളൂപ്പറമ്പിൽ, റവ. ഫാ. കുര്യാക്കോസ് കാലായിൽ എന്നീ വന്ദ്യ വൈദികരും ഈ ചാപ്പലിൽ പ്രശംസനീയമായ വിധത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ചാപ്പലിന് കിഴക്ക് ഭാഗത്തായി പരി. പരുമല തിരുമേനിയുടെ നാമത്തിലും അമയന്നൂർ, വായിത്രയിൽ പരേതനായ ശ്രീ. വി. ടി. ഐപ്പ് ദാനമായി നൽകിയ സ്ഥലത്ത് പരി. ഏലിയാസ് തൃതീയൻ ബാവായുടെ നാമത്തിലും പറമ്പുകര, മരവത്ത് ശ്രീ. ജോസഫ് ഏബ്രഹാം ദാനമായി നൽകിയ സ്ഥലത്ത് വി. ദൈവമാതാവിന്റെ നാമത്തിലും പണികഴിപ്പിച്ചിരിക്കുന്ന കുരിശിൻതൊട്ടികൾ തദ്ദേശവാസികൾക്ക് ആശ്വാസകേന്ദ്രമായി പരിണമിച്ചിരിക്കുന്നു. കാലം ചെയ്ത അഭിവന്ദ്യ മർക്കോസ് മോർ കൂറിലോസ് മെത്രാപ്പോലീത്തായും ഈ ചാപ്പലിൽ വികാരിയായി സേവനമനുഷ്ഠിച്ചവരിൽ ഉൾപ്പെടുന്നു.

അഭിവന്ദ്യ പെരുമ്പള്ളി തിരുമേനിയുടെ കാലശേഷം, പരി. പരുമല തിരുമേനിയുടെ ജീവചൈതന്യം തുടിക്കുന്ന ഈ ചാപ്പലിന്റെയും അനുബന്ധ പ്രസ്ഥാനങ്ങളുടെയും രക്ഷാധികാരിയായി അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലിത്താ തിരുമനസ്സുകൊണ്ട് സജീവ നേതൃത്വം വഹിക്കുകയും ഈ ചാപ്പലിനെ ഭദ്രാസനത്തിന്റെ ഒരു റീജണൽ സെന്റർ ആയി ഉയർത്തുകയും ചെയ്തുവെന്നത് പ്രസ്താവയോഗ്യമത്രേ! 2003 മുതൽ ബഹുമാനപ്പെട്ട സഖറിയ തേറാമ്പിൽ അച്ചൻ വികാരി യായി തൂത്തൂട്ടി മോർ ഗ്രിഗോറിയോസ് ചാപ്പലിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.

ആതുര സേവനവും അഗതിസഹായവും ലക്ഷ്യമാക്കി അച്ചൻ, 'മോർ ഗ്രിഗോറിയൻ ഷെയറിംഗ് മിനിസ്ട്രി' എന്ന ചാരിറ്റബിൾ പ്രസ്ഥാനത്തിന് 2003 ൽ നാന്ദി കുറിച്ചു. അശരണരും ആലംബഹീനരുമായ 100 പേർക്ക് പ്രതിവാര ഭക്ഷ്യസഹായം, ചികിത്സാ സഹായം, വിദ്യാഭ്യാസ സഹായം, ഭവന നിർമ്മാണ സഹായം തുടങ്ങിയവ നൽകിവരുന്നു. 20–9–2006 –ൽ ഗ422/06 എന്ന നമ്പരിൽ ഈ പ്രസ്ഥാനം ഒരു ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യപ്പെട്ടു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org